# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 90 | 09.08.2017-ലെ മറുപടി

## ജലവിഭവ വകുപ്പ് പുനസംഘടന

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>,, പി.ടി. തോമസ്<br>,, ഹൈബി ഈഡൻ<br>,, അടൂർ പ്രകാശ് | | മാത്യു.ടി തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) ജലവിഭവ വകുപ്പ് പുനസംഘടിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;<br><br>ബി) പുനഃസംഘടനയിലൂടെ ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ എന്തൊക്കെ തരത്തിലുള്ള മാറ്റങ്ങൾ കൊണ്ടുവരുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) യും ബി) യും | ജലവിഭവ വകുപ്പിന് കീഴിലുള്ള ജലസേചന വകുപ്പ് പുന:സംഘടിപ്പിക്കാൻ ആലോചനകൾ നടന്നു വരുന്നുണ്ട്.<br>ജലസേചന വകുപ്പിന്റെ ചുമതലകൾ വിവിധ മേഖലകളിലേയ്ക്ക് വ്യാപിച്ചു വരുന്നതിനാൽ വകുപ്പ് പുന:സംഘടിപ്പിക്കേണ്ടതുണ്ട്. കേരള ജലസ്രോതസ്സുകൾ മുഴുവൻ ജനങ്ങൾക്കും, കൃഷിക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ ഈ വകുപ്പ് നദീതട അടിസ്ഥാനത്തിൽ പുന:ക്രമീകരിക്കുന്നതിനുള്ള ചർച്ചകൾ നടന്നുവരുന്നു. വകുപ്പിലെ 17% ജീവനക്കാരെ തദ്ദേശ സ്വയംഭരണ വകുപ്പിലേക്ക് പുനർവിന്യസിച്ചതിനാൽ നിലവിലുള്ള ജീവനക്കാരെ ശരിയായ രീതിയിൽ പുനർക്രമീകരിക്കുന്നതിനുള്ള നടപടിയെടുത്തുവരുന്നു. നിലവിലെ ജലസേചന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക, ജലസേചന പ്രവർത്തികളുടെ ഗുണ നിലവാരം ഉയർത്തുക, ഇ-ഗവേണൻസിലൂടെ ഭരണ നിർവ്വഹണ നിലവാരം ഉയർത്തുക, അന്തർസംസ്ഥാന ജല പ്രശ്നങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുക, കൂടുതൽ കേന്ദ്ര ഫണ്ടുകൾ |

ലഭ്യമാക്കി ജലസേചന പദ്ധതികൾ വിപുലീകരിക്കുക, ഡാം സുരക്ഷ, DRIP എന്നിവയിൽ അധിക ശ്രദ്ധ ചെലുത്തുക തുടങ്ങിയവ മുൻനിർത്തി നിലവിലുള്ള ജല ദൗർലഭ്യത്തിനു പരിഹാരം കാണുക, ജലസംരക്ഷണത്തിന് മുൻതൂക്കം നൽകുക എന്നീ ലക്ഷ്യങ്ങൾ കൂടുതൽ കാര്യക്ഷമമായി കൈവരിക്കുക എന്നതാണ് പുന:സംഘടനയിലൂടെ ഉദ്ദേശിക്കുന്നത്. ഇതിലേക്കായി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചുള്ള സമഗ്ര ചർച്ചകൾ വിവിധ തലങ്ങളിൽ നടന്നുവരുന്നു

സെക്ഷൻ ഓഫീസർ